(ബി) അംഗൻവാടികളിൽ താൽക്കാലിക നിയമനം നടത്തുന്നത് റദ്ദ്ചെയ്ത് കമ്മിറ്റി വിളിച്ചുകൂട്ടി ഒഴിവുള്ള തസ്തികകളിൽ സ്ഥിരം നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥിരം നിയമനം നടത്തുന്നതിന് പാലക്കാട് ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്ക് സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത അംഗൻവാടികൾ

30 [3473] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത എത്ര അംഗൻവാടികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 175 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) & (സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പ്രോജക്ടുകൾ സമർപ്പിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായും സംസ്ഥാന ഗവൺമെന്റ് പ്ലാൻ ഫണ്ടിൽ നിന്നും മറ്റും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് ഘട്ടം ഘട്ടമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ അംഗൻവാടികൾ

31 [3474] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂർ ജില്ലയിൽ ആകെ എത്ര അംഗൻവാടികളാണ് ഇതുവരെ അനുവദിച്ചതെന്നും ഇവയിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്ത അംഗൻവാടികൾ ഏതെല്ലാം പഞ്ചായത്തിൽ ഏതെല്ലാം വാർഡിന് അനുവദിച്ചവയാണെന്നകാര്യം വ്യക്തമാക്കുമോ;

(ബി) തളിപ്പറമ്പ്-ഇരിക്കൂർ ഐസിഡിഎസ് ബ്ലോക്കുകളിൽ എത്ര അംഗൻവാടി ഹെൽപ്പർ-വർക്കർ തസ്തികകൾ ഇപ്പോൾ ഒഴിവുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടികളിൽ ജോലിനോക്കുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

32 [3475] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ജോലിനോക്കുന്ന താല്ക്കാലിക ജീവനക്കാരുടെ എണ്ണം എത്ര യാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വനിതാ സഹകരണ സംഘങ്ങൾ

33 [3476] *ശ്രീ. ടി. എം. ജേക്കബ്:*
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ എത്ര വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly